# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*



No.15/PR/PIC/PHQ/17    Date : 27.01.2017


## ഓൺലൈൻ പോർട്ടൽ വിവരങ്ങൽ ചോർത്തി വിദേശ ജോലി വാഗ്ദാനം ചെയ്ത് പണം തട്ടുന്ന സംഘം പിടിയിൽ

ഓൺലൈൻ ജോബ് പോർട്ടലിൽ നിന്നും ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ അടങ്ങിയ ഡേറ്റാബേസ് ചോർത്തി വിദേശജോലി വാഗ്ദാനം ചെയ്ത് പണം തട്ടുന്ന സംഘത്തെ കേരള പോലീസ് ന്യൂഡൽഹിയിൽ അറസ്റ്റ് ചെയ്തു.

ഡൽഹി സ്വദേശികളായ മുന്നകുമാർ ഗുപ്ത എന്ന വിജയ് യാദവ് (26), ഫാബ്രി സൗത്ത് വെസ്റ്റ്, ജസ്ബീർ സിങ് (54), ശിവനഗർ എന്നിവരാണ് അറസ്റ്റിലായത്. ജനക്പുരി ഈസ്റ്റിന് സമീപമുള്ള ഡാബ്രി പങ്കാ റോഡിൽ നിന്നാണ് സൈബർ ക്രൈം പോലീസ് ടീം ഇവരെ അറസ്റ്റ് ചെയ്തത്. വിദേശത്ത് ജോലി ലഭിക്കുന്നതിലേക്ക് www.indeed.com ഉൾപ്പെയുള്ള ജോബ് പോർട്ടൽ വഴി ഓൺലൈനായി പേര് രജിസ്റ്റർ ചെയ്തിരുന്ന തിരുവനന്തപുരം പൂജപ്പുര സ്വദേശിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അടിസ്ഥാനത്തിലുള്ള കേസന്വേഷണത്തെ തുടർന്നായിരുന്നു അറസ്റ്റ്.

കാനഡ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ അന്താരാഷ്ട്ര നിലവാരമുള്ള കമ്പനികളിൽ ജോലി വാഗ്ദാനം ചെയ്ത് വ്യാജ വിസയും എയർടിക്കറ്റുകളും അയച്ചുകൊടുത്ത് പണം തട്ടിയെടുക്കുന്നതാണ് ഈ സംഘത്തിന്റെ പ്രവർത്തന രീതി. ഇത്തരം തട്ടിപ്പുകൾ കേരളത്തിൽ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, ക്രൈംബ്രാഞ്ച് എ.ഡി.ജി.പി നിതിൻ അഗർവാൾ എന്നിവരുടെ നിർദ്ദേശപ്രകാരം ക്രൈംബ്രാഞ്ച് എസ്.പി. ജോളിചെറിയാന്റെ മേൽനോട്ടത്തിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ നിന്നും നിയോഗിച്ച പ്രത്യേക അന്വേഷണ സംഘമാണ് പ്രതികളെ കുടുക്കിയത്.

വെബ്സൈറ്റുകളിൽ നിന്നും എടുക്കുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ വിവിധ അന്താരാഷ്ട്ര കമ്പനികളുടെ പേരിനോട് സാദൃശ്യംവരുന്ന ഇ-മെയിൽ ഐ.ഡി.കൾ തയ്യാറാക്കി

ജോലി വാഗ്ദാനം ചെയ്യുക എന്നതാണ് തട്ടിപ്പിന്റെ രീതി. കമ്പനികൾക്കുവേണ്ടി സൗജന്യ റിക്രൂട്ട്മെന്റ് നടത്തുന്ന ഇന്ത്യയിലെ അംഗീകൃത സ്ഥാപനമാണ് ഇവർ നടത്തിയിരുന്ന പിവട്ടൽ കൺസൾട്ടൻസി എന്ന് ബോദ്ധ്യപ്പെടുത്തി കമ്പനികളുടെ പേരിൽ വ്യാജമായി തയ്യാറാക്കിയ ജോലി ഓഫർ ലെറ്ററുകളും അപ്പോയിന്റ്മെന്റ് ലെറ്ററുകളും അയച്ച് വിശ്വാസം നേടിയശേഷം വിസ സ്റ്റാമ്പ് ചെയ്യുന്നതിലേക്ക് ഇവർ ഇന്ത്യൻ പാസ്പോർട്ടുകൾ കരസ്ഥമാക്കുന്നു. തുടർന്ന് വിസ സ്റ്റാമ്പ് ചെയ്ത പാസ്പോർട്ടിന്റെയും വിദേശ യാത്രയ്ക്കുള്ള എയർ ടിക്കറ്റിന്റെയും വ്യാജ പകർപ്പുകൾ ഇ-മെയിലിൽ അയച്ചുകൊടുത്ത് വിവിധ പ്രോസസിങ് ചാർജ്, എയർ ടിക്കറ്റിന്റെ 50 ശതമാനം എന്നീ ഇനങ്ങളിലേക്കായാണ് പണം തട്ടിയെടുക്കുന്നത്. ഇതിനായി പ്രതികൾ ഓരോ ഉദ്യോഗാർത്ഥികളേയും വിളിക്കുന്ന മൊബൈൽ നമ്പരുകളും ഫോണും തട്ടിപ്പിന് ശേഷം സ്വിച്ച് ഓഫ് ചെയ്യുന്നതാണ് തട്ടിപ്പിന്റെ രീതി. പ്രതികൾ ഉപയോഗിച്ചുവരുന്ന ഇ-മെയിലുകളുടെ ലോഗിൻ, ഐ.പി. വിവരങ്ങളെ പിന്തുടർന്നാണ് പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞത്. വിവിധ സർവീസ് പ്രൊവൈഡർമാരുടെ ഇന്റർനെറ്റ് കണക്ഷനുകളുടെ വിവരങ്ങൾ പിൻതുടർന്ന് കേരളത്തിൽ കേസ് രജിസ്റ്റർ ചെയ്ത് 14 ദിവസത്തിനകം പ്രതികളെ ന്യൂഡൽഹിയിൽ നിന്നും അറസ്റ്റ് ചെയ്യാൻ സംഘത്തിനു കഴിഞ്ഞു.

പ്രതികളെ അറസ്റ്റ് ചെയ്യുന്ന സമയത്ത് നിരവധി ഉദ്യോഗാർത്ഥികളുടെ ഇന്ത്യൻ പാസ്പോർട്ടുകൾ, പ്രതികളുടെ പേരിൽ വിവിധ ബാങ്കിലുള്ള അക്കൗണ്ട് വിവരങ്ങൾ, എ.ടി.എം. കാർഡുകൾ, ലാപ്ടോപ്പുകൾ, ഇന്റർനെറ്റ് ഡോങ്കിളുകൾ, വ്യാജ അഡ്രസുകളിൽ നിന്നും എടുത്ത വിവിധ കമ്പനികളുടെ സിം കാർഡുകൾ, വിവിധ വിദേശകമ്പനികളുടെ വ്യാജ സർട്ടിഫിക്കറ്റുകൾ, പെൻഡ്രൈവുകൾ എന്നിവയും കണ്ടെടുത്തിട്ടുണ്ട്.

ദ്വാരക മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതിയിൽ നിന്നുള്ള ട്രാൻസിറ്റ് റിമാൻഡ് പ്രകാരം പ്രതികളെ കേരളത്തിലെത്തിച്ച് കോടതിയിൽ ഹാജരാക്കും. അന്വേഷണ സംഘത്തിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടറായ ഒ.എ.സുനിൽ, സബ്ഇൻസ്പെക്ടർ എൻ.ബിജു, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ബിജുലാൽ, സുനിൽ, അനിൽ എന്നിവരാണ് അതിവിദഗ്ധമായി ന്യൂഡൽഹിയിൽ നിന്നും പിടികൂടിയത്.

********